ഉത്തരം

(എ) & (ബി) കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും വികസന ഏജൻസികളുമായി കൂടുതൽ ബന്ധപ്പെടുവാനുള്ള നടപടികൾ എടുത്തുവരുന്നു.

112 (1844) കാർഷിക വികസന ധനകാര്യ കമ്പനി

ശ്രീ. സി. മൊയീൻ കുട്ടി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ ;
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ എത്രത്തോളമായി;

(ബി) കമ്പനിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നു മുതൽ തുടങ്ങാൻ സാധിക്കുമെന്നറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) തീരുമാനിച്ചിട്ടില്ല.

113 (1845) കാർഷിക വൈദ്യുതി ചാർജ്ജ്

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക കൃഷി ഭവന്റെ കീഴിൽ ബലാ വില്ലേജിൽപ്പെട്ട ഗോപാലകൃഷ്ണ ഭട്ട് എന്ന കൃഷിക്കാരന് അദ്ദേഹം അടയ്ക്കേണ്ടിവന്ന കാർഷിക വൈദ്യുതി ചാർജ്ജ് ഇതേവരെ തിരികെ നൽകിയിട്ടില്ല എന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി സൗജന്യത്തിന് അർഹനായ കൃഷിക്കാരനാണെങ്കിൽ യഥാസമയം ആനുകൂല്യം അനുവദിച്ചു നൽകാത്തതിന്റെ കാരണം എന്താണ്;

(സി) അർഹതപ്പെട്ട ആനുകൂല്യം എത്രയും പെട്ടെന്ന് അനുവദിച്ചു നൽകാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)-(സി) വൈദ്യുതി സൗജന്യത്തിന് 7-1-99-ൽ ശ്രീ. ഗോപാലകൃഷ്ണ ഭട്ട് കൃഷിഭവനിൽ നൽകിയ അപേക്ഷ സ്വീകരിച്ചിട്ടുണ്ട് അതിന് മുമ്പ് ടിയാൻ അടച്ച തുക തിരികെ ലഭിക്കുന്നതിന് അപേക്ഷയോ ബില്ലുകളോ സമർപ്പിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടില്ല. അപേക്ഷ സമർപ്പിച്ചാൽ നിലവിലുള്ള വ്യവസ്ഥകൾക്കനുസരണമായി അർഹമായ തുക, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നൽകുന്നതാണ്.

114 (1846) കൃഷി ആവശ്യത്തിന് വൈദ്യുതി

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എൻ കണ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ ;
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാർക്ക് എന്തെല്ലാം സൗജന്യങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷമായി സർക്കാർ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കൃഷിക്കാർക്ക് കൃഷി ആവശ്യത്തിന് വൈദ്യുതി നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷി ആവശ്യത്തിന് വൈദ്യുതി നൽകുന്ന നിലവിലുള്ള വ്യവസ്ഥകളിൽ ഭേദഗതി ആവശ്യമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് ഭേദഗതിയ്ക്ക് വിധേയമാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് കൃഷിക്കാർക്ക് സൗജന്യ നിരക്കിൽ പമ്പുസെറ്റുകൾ വിതരണം ചെയ്യുന്നതിനും കൃഷിക്കാർക്ക് പമ്പിംഗ് സബ്സിഡി യഥാസമയം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് കൃഷിക്കാർക്ക് സബ്സിഡി നിരക്കിൽ ടില്ലറുകൾ മറ്റു കൃഷി ഉപകരണങ്ങളും വിതരണം ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉല്പാദനോപാധികളായ വിത്ത്, വളം, കീടനാശിനി, കാർഷിക യന്ത്രോപകരണങ്ങളായ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, സ്പ്രെയർ എന്നിവ സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് നൽകി വരുന്നുണ്ട്. നെൽക്കൃഷിയ്ക്ക് പൂർണ്ണമായും രണ്ടു ഹെക്ടർവരെയുള്ള ഇതര കൃഷിക്കും വൈദ്യുതി സൗജന്യം നൽകുന്നുണ്ട്. കിണർ, പമ്പുസെറ്റ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം, നെൽക്കൃഷിയ്ക്ക് ഉല്പാദന ബോണസ് എന്നിവയും കൃഷിക്കാർക്ക് നൽകി വരുന്നു.

(ബി) കാർഷിക കണക്ഷനുള്ള അപേക്ഷയോടൊപ്പം ബന്ധപ്പെട്ട കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് വൈദ്യുതി ബോർഡ് ഓഫീസിൽ ഹാജരാക്കണം. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾ ടാർജറ്റിന്റെ പരിധിയില്ലാതെ മുന്തിയ മുൻഗണനയിൽ നൽകുന്നുണ്ട്. ഒ.വൈ.ഇ.സി.തുക അടച്ച് മുൻഗണന മറികടന്നും കണക്ഷൻ നൽകുന്നതാണ്. സർവ്വീസ് കണക്ഷൻ ചാർജ്ജ് അടയ്ക്കുന്നതിൽനിന്നും കാർഷിക കണക്ഷനുകളെ ഒഴിവാക്കിയിട്ടുണ്ട്. 20,000 രൂപ വരെ ചെലവു വരുന്ന കണക്ഷൻ ജോലികൾ വൈദ്യുതി ബോർഡിന്റെ ചെലവിൽ ചെയ്തു കൊടുക്കും. 20,000 രൂപയിൽ

LIBRARY ARCHIVES Kerala Legislative Assembly